File No.TOUR-C2/82/2020-TOUR

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ്- കോവിഡ്-19 പകർച്ചവ്യാധിയെത്തുടർന്ന് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്/യൂണിറ്റുകൾക്ക് അവയുടെ അംഗീകാരം/ക്ലാസ്സിഫിക്കേഷൻ കാലാവധി 2021 ഡിസംബർ 31 വരെ നിരുപാധികം പുതുക്കി നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(സാധാ) നം.165/2021/ടൂറിസം തീയതി,തിരുവനന്തപുരം, 16/06/2021

പരാമർശം:- 1 സ.ഉ.(സാധാ)നം.162/2020/ടൂറിസം തീയതി 07.05.2020.

2 വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 26.05.2021-ലെ M3-4042/2020 നം. കത്ത്.

ഉത്തരവ്

കോവിഡ്-19 പകർച്ചവ്യാധിയെത്തുടർന്ന് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്/യൂണിറ്റുകൾക്ക് അവയുടെ അംഗീകാരം/ക്ലാസ്സിഫിക്കേഷൻ കാലാവധി 2020 ഡിസംബർ 31 വരെ നിരുപാധികം പുതുക്കി നൽകുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.

2) കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം തീവ്രതയോടെ ടൂറിസം മേഖലയെ ബാധിച്ചിരിക്കുന്നതിനാലും, നിലവിലെ സാഹചര്യം ഒട്ടും മെച്ചപ്പെട്ടിട്ടില്ലാത്തതിനാലും, കാലാവധി അവസാനിച്ച ടൂറിസം സ്ഥാപനങ്ങൾക്ക് പരിശോധന നടത്തി അംഗീകാരം/ക്ലാസ്സിഫിക്കേഷൻ നൽകുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങൾ, ഹോം സ്റ്റേ, സർവീസ്ഡ് വില്ല, ഹൗസ് ബോട്ട്, ഗ്രീൻ ഫാം, ഗൃഹസ്ഥലി, ടൂർ ഓപ്പറേറ്റേഴ്സ്, അമ്യൂസ്മെന്റ് പാർക്ക്, റെസ്റ്റോറന്റുകൾ എന്നിങ്ങനെയുള്ള യൂണിറ്റുകൾക്ക് കാലാവധി തീരുന്ന തീയതി മുതൽ 31-12-2021 തീയതി വരെ അംഗീകാരം/ക്ലാസ്സിഫിക്കേഷൻ, പരിശോധന കൂടാതെ നിരുപാധികം പുതുക്കി നൽകുന്നതിന് അനുമതി നൽകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

File No.TOUR-C2/82/2020-TOUR

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം തീവ്രതയോടെ ടൂറിസം മേഖലയെ ബാധിച്ചിരിക്കുന്നതിനാലും, നിലവിലെ സാഹചര്യം ഒട്ടും മെച്ചപ്പെട്ടിട്ടില്ലാത്തതിനാലും സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങൾ, ഹോം സ്റ്റേ, സർവീസ്ഡ് വില്ല, ഹൗസ് ബോട്ട്, ഗ്രീൻ ഫാം, ഗൃഹസ്ഥലി, ടൂർ ഓപ്പറേറ്റേഴ്സ്, അമ്യൂസ്മെന്റ് പാർക്ക്, റെസ്റ്റോറന്റുകൾ എന്നിങ്ങനെയുള്ള യൂണിറ്റുകൾക്ക് കാലാവധി തീരുന്ന തീയതി മുതൽ 31-12-2021 തീയതി വരെ അംഗീകാരം/ക്ലാസ്സിഫിക്കേഷൻ, പരിശോധന കൂടാതെ നിരുപാധികം പുതുക്കി നൽകുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ് I/II), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

<u>പകർപ്പ്:-</u>

ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.ന്
വിനോദസഞ്ചാര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ